# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.09.2026**

### പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ മൂന്നു ദിവസത്തെ ഗുജറാത്ത് സന്ദർശനത്തിന് ഇന്ന് തുടക്കം.

2. മതേതരത്വത്തിനൊപ്പം ജനാധിപത്യ മൂല്യത്തിൻറെ കൂടി വിത്താണ് ശ്രീനാരായണ ഗുരു പാകിയതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വർക്കല ശിവഗിരിയിൽ മഹാ പരി നിർവാണ സമ്മേളനം ഉദ്ഘാടനം ചെയ്യു.

3. സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

4. മലപ്പുറം നിലമ്പൂരിൽ മലവെള്ളപ്പാച്ചിലിൽ അഞ്ചു പേർ മരിച്ചു. മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് പ്രദേശം സന്ദർശിക്കും. പ്രിയങ്ക ഗാന്ധി എം.പിയും ഇന്ന് മലപ്പുറത്തെത്തും.

5. അതിരൂക്ഷമായ കടലാക്രമണത്തിന് പരിഹാരമായി തിരുവനന്തപുരം പൊഴിയൂരിൽ നാളെ കടൽ ഭിത്തി നിർമാണം ആരംഭിക്കും.

6. ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ കുതിപ്പ് തുടർന്ന് ഇന്ത്യ; പുരുഷൻമാരുടെ 10 മീറ്റർ എയർ റൈഫിൾ

PIU TVPM

ടീം ഇനത്തിലും വ്യക്തിഗത വിഭാഗത്തിലും ഇന്ത്യയ്ക്ക് വെള്ളി മെഡൽ.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## രാഷ്ട്രപതി ഗുജറാത്ത്

മൂന്നു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഗുജറാത്തിലെത്തും. നാളെ കേവഡിയയിലെ ഏകതാ നഗറിൽ നടക്കുന്ന 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാര വിതരണ ചടങ്ങിൽ രാഷ്ട്രപതി അധ്യക്ഷത വഹിക്കും. മറ്റന്നാൾ, വഡോദരയിലെ മഹാരാജ സയാജിറാവു സർവകലാശാലയുടെ 75-ാമത് വാർഷിക ബിരുദദാന ച്ചടങ്ങിലും പങ്കെടുക്കും.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ഉപരാഷ്ട്രപതി - തമിഴ്നാട്

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട് സന്ദർശിക്കും. നീലഗിരിയിലെ കൂനൂരിൽ നടക്കുന്ന United Planters' Association of Southern India - ടീ റിസർച്ച് ഫൗണ്ടേഷന്റെ ശതാബ്ദി സമ്മേളനത്തിൽ അദ്ദേഹം മുഖ്യാതിഥിയാകും.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## ശിവഗിരി സിഎം (ഇൻട്രോ)

ഒരു ജാതി ഒരു മതം ഒരു ദൈവം എന്നത് കേരളത്തിലെ മഹാഭൂരിപക്ഷം മനുഷ്യരുടെയും ഉള്ളിൽ നിലനിൽക്കുന്നതിന് കാരണം ശ്രീനാരായണ ഗുരുവാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. മതേതരത്തിനൊപ്പം ജനാധിപത്യമൂല്യത്തിൻറെ കൂടി വിത്താണ് ഗുരു പാകിയതെന്നും അദ്ദേഹം പറഞ്ഞു. 99-ാമത് ശ്രീനാരായണഗുരു മഹാസമാധി ദിനാ ചരണത്തിൽ വർക്കല ശിവഗിരിയിൽ മഹാപരിനിർവാണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ബൈറ്റ്)

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

## മഹാസമാധി ശതാബ്ദി സമ്മേളനം

ശ്രീനാരായണ ഗുരുവിന്റെ മഹാസമാധി ശതാബ്ദിയോടനുബന്ധിച്ച്, ശിവഗിരി മഠം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ വർക്കല ശിവഗിരി യിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന സമ്മേളനങ്ങൾ സംഘടിപ്പിക്കും. ഇന്ന് വൈകുന്നേരം ശിവഗിരിമഠം സത്യവ്രതം ഹാളിൽ സച്ചിദാനന്ദ സ്വാമി ഉദ്ഘാടനം നിർവഹിക്കും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ടു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## നിലമ്പൂർ മലവെള്ളപ്പാച്ചിൽ

മലപ്പുറം നിലമ്പൂർ ചോക്കാട് മേഖലയിലുണ്ടായ മലവെള്ളപ്പാച്ചിലിൽ മരിച്ചവരുടെ എണ്ണം അഞ്ചായി. ഇന്നലെ വൈകീട്ട് അഞ്ചു മണിയോടെ യാണ്, പ്രദേശത്ത് അപ്രതീക്ഷിതമായി മലവെള്ളപ്പാച്ചിൽ ഉണ്ടായത്. അപകടത്തിൽപ്പെട്ട ടി.കെ. നഗർ സ്വദേശിയായ സജിതക്കായി തിരച്ചിൽ തുടരുകയാണ്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മലപ്പുറം സന്ദർശനം

മഴവെള്ളപ്പാച്ചിലുണ്ടായ മലപ്പുറം പൂക്കോട്ടുംപാടം പ്രദേശം മുഖ്യമന്ത്രി വി.ഡി സതീശൻ ഇന്ന് സന്ദർശിക്കും. ഉച്ചയ്ക്ക് രണ്ടരയോടെ ജില്ലയിൽ എത്തുന്ന മുഖ്യമന്ത്രി അപകടത്തിൽ മരിച്ചവർക്ക് അന്തിമോപചാര മർപ്പിക്കും. ഇന്ന് വൈകിട്ട് പ്രിയങ്ക ഗാന്ധി എം.പിയും ദുരന്ത സ്ഥലം സന്ദർശിക്കും.

RNU TVPM

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## ഇടുക്കി - മഴ (ഇൻട്രോ)

കനത്ത മഴയും മണ്ണിടിച്ചിൽ ഭീഷണിയും തുടരുന്ന സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ കർശന യാത്രാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. വിനോദസഞ്ചാര കേന്ദ്രങ്ങൾ താൽക്കാലികമായി അടച്ചു. മലയോര മേഖലകളിൽ വൈകിട്ട് ഏഴു മുതൽ രാവിലെ ആറു മണി വരെ രാത്രി യാത്ര പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
**(വോയിസ്....)**

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## മന്ത്രി അനൂപ് ജേക്കബ്

ഇടുക്കി വട്ടവടയിലുണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മന്ത്രി അനൂപ് ജേക്കബിന്റെ നേതൃത്വത്തിൽ അടിമാലിയിൽ അവലോകന യോഗം ചേർന്നു. നിലവിൽ മഴയുടെ തീവ്രതയ്ക്ക് നേരിയ കുറവുണ്ടെങ്കിലും അതീവ ജാഗ്രത പുലർത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു. കൊട്ടക്കാമ്പൂരിൽ മണ്ണിടിഞ്ഞ് വീണ് മരിച്ച അമ്മൻകോവിൽ സ്വദേശി ബാലകൃഷണൻ, സഹോദരി ചിന്നു എന്നിവർക്ക് മന്ത്രി അന്തിമോപചാരമർപ്പിച്ചു.

RNU TVPM

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## കടൽ ഭിത്തി നിർമ്മാണ ഉദ്ഘാടനം

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂരിൽ കടൽ ഭിത്തി നിർമ്മാണ ഉദ്ഘാടനം നാളെ വൈകിട്ട് മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. പൊഴിയൂർ കൊല്ലംകോട് തീര പ്രദേശങ്ങളിലെ അതിരൂക്ഷമായ കടലാക്രമണത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. ടെട്രാപോഡുകൾ ഉപയോഗിച്ചുള്ള പുലിമുട്ടുകളും കടൽഭിത്തിയും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്ര സുരക്ഷാ സംവിധാനമാണ് നടപ്പാക്കുന്നത്.

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## സേവാ സങ്കൽപ്പ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. പിഎം-കിസാൻ പദ്ധതിയെ കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ ഇന്ന്. കൃഷി സംബന്ധമായ എല്ലാ ആവശ്യങ്ങളും നിറവേറ്റുക എന്ന ലക്ഷ്യത്തോടെ 2019-ലാണ് പദ്ധതി ആരംഭിച്ചത്. ഇതുവരെ 23 ഗഡുക്ക ളിലായി 4 ലക്ഷത്തി 47 ആയിരം കോടിയിലധികം രൂപ കർഷകർക്ക് കൈമാറി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഏഷ്യൻ ഗെയിംസ്

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ, പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിൾ ഇനത്തിൽ ഇന്ത്യക്ക് വീണ്ടും മെഡൽ നേട്ടം. ഹിമാൻഷു ധില്ലൻ വെള്ളി മെഡലും, രുദ്രാംക്ഷ് പാട്ടീൽ വെങ്കല മെഡലും സ്വന്തമാക്കി. 10 മീറ്റർ എയർ റൈഫിൾ ഇനത്തിലും ഹിമാൻഷു ധില്ലൻ, പാർത്ഥ് മാനെ, രുദ്രാംക്ഷ് പാട്ടീൽ എന്നിവരടങ്ങുന്ന ടീം വെള്ളി മെഡൽ നേടി. മിക്സഡ് മാർഷ്യൽ ആർട്സിൽ, വനിതകളുടെ 60 കിലോഗ്രാം വിഭാഗത്തിൽ സുചിക തരിയൽ വെങ്കല മെഡൽ സ്വന്തമാക്കി.

RNUTVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## സർക്കാർ ജോലി -വിദർശ

ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിൽ വെള്ളിമെഡൽ നേടി, ചരിത്ര നേട്ടം കൈവരിച്ച കോഴിക്കോട് സ്വദേശിനി വിദർശ വിനോദിന് സംസ്ഥാന സർക്കാരിൽ ജോലി നൽകണമെന്ന് കായികമന്ത്രി ഒ.ജെ ജെനീഷ്, മുഖ്യമന്ത്രിയോട് ശുപാർശ ചെയ്യു. ഈ അംഗീകാരം സംസ്ഥാനത്തെ യുവ കായികതാരങ്ങൾക്ക് വലിയ പ്രചോദനമാകുമെന്നും മന്ത്രി വ്യക്തമാക്കി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഫുട്ബോൾ താരം മരിച്ചു

കാലിക്കറ്റ് FC ഫുട്ബോൾ താരം റിജോൺ ജോസ് വാഹനാപകടത്തിൽ മരിച്ചു. കോഴിക്കോട് നടക്കാവിന് സമീപമുണ്ടായ ബൈക്ക് അപകടത്തിൽ

ഒപ്പമുണ്ടായിരുന്ന ഗനി അഹമദ് നീഗത്തിന് ഗുരുതര പരിക്കേറ്റു. തൃശൂർ സ്വദേശിയായ റിജോൺ സൂപ്പർ ലീഗ് കേരള, കർണാടക സൂപ്പർ ഡിവിഷൻ ലീഗ്, കൽക്കത്ത ലീഗ് എന്നിവയിൽ കളിച്ചിട്ടുണ്ട്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## വിഴിഞ്ഞം ലൈറ്റ് ഹൗസ് (ഇൻട്രോ)

ഇന്ന് 99 മത് ലൈറ്റ് ഹൗസ് ദിനം. 7,500 കിലോമീറ്ററിലധികം തീരപ്രദേശമുള്ള ഇന്ത്യയെ സംബന്ധിച്ച് ലൈറ്റ്ഹൗസുകളെ തീരങ്ങളുടെ കാവൽക്കാരായാണ് കണക്കാക്കുന്നത്. ദിനാചരണത്തിന്റെ ഭാഗമായി, ഇന്ന് തിരുവനന്തപുരം കോവളം തീരത്തെ വിഴിഞ്ഞം ലൈറ്റ് ഹൗസിൽ രാവിലെ പതാക ഉയർത്തി. ലോകത്തെ ഏറ്റവും മനോഹരമായ 5 ലൈറ്റ് ഹൗസുകളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന വിഴിഞ്ഞം വൈകുന്നേരം ദീപാലംകൃതമാക്കും.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 531 പോയിൻറ് ഉയർന്ന് 74,826 ലും നിഫ്റ്റി 74 പോയിന്റ് നേട്ടത്തിൽ 23,420 ലും വ്യാപാരം തുടരുന്നു. പവന് 120 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 14,160 രൂപയും ഗ്രാമിന് 14,270 രൂപയുമാണ് ഇന്നത്തെ വില.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## സൈബർ തട്ടിപ്പ്

പ്രമുഖ ആശുപത്രികളുടെ ഒ.പി അപ്പോയിന്റ്മെന്റ് ബുക്കിംഗിനായി ഗൂഗിളിൽ തിരയുന്നവരെ ലക്ഷ്യമിട്ട് സാമ്പത്തിക തട്ടിപ്പ് നടക്കുന്നതായി കേരള പോലീസിന്റെ മുന്നറിയിപ്പ്. ഉപയോക്താക്കൾക്ക് വ്യാജ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഫയലുകൾ അയച്ചു കൊടുക്കുകയും ഫോൺ ഹാക്ക് ചെയ്ത് സാമ്പത്തിക ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. 1,000 രൂപയിൽ താഴെയുള്ള തുകകളുടെ തുടർച്ചയായ വ്യാജ പണമിടപാടുകൾ ശ്രദ്ധയിൽ

RNUTVPM

പ്പെട്ടാൽ ഉടൻ തന്നെ 1930 എന്ന സൈബർ ഹെൽപ്പ്‌ലൈൻ നമ്പറിൽ പരാതി നൽകേണ്ടതാണ്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## കണ്ണൂർ - മോഷണം

കേരളത്തിൽ വ്യാപക മോഷണത്തിന് പദ്ധതിയിട്ടിരുന്ന അന്തർസംസ്ഥാന മോഷണസംഘത്തിലെ അഞ്ച് പേരെ കണ്ണൂർ സിറ്റി പോലീസ് പിടികൂടി. ഉത്തർപ്രദേശിലെ മീരറ്റ് സ്വദേശികളെയാണ് സിറ്റി പോലീസ് കമ്മീഷണർ വിജയ് ഭാരത് റെഡ്ഡിയുടെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്. ഇതേ സംഘത്തിൽപ്പെട്ടവരെ എറണാകുളം കളമശ്ശേരി പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## തൃശൂർ കവർച്ച

തൃശ്ശൂരിൽ അടച്ചിട്ടിരുന്ന വീട്ടിൽ നിന്നും 55 പവൻ കവർന്നു. കൂർക്കഞ്ചേരി സ്വദേശി ഹസൻ അലിയുടെ വീട്ടിലാണ് കവർച്ച നടന്നത്. പുലർച്ച ഒന്നര യോടെ ഒരാൾ മതിൽ ചാടി കടക്കുന്നത് വീട്ടിലെ സിസിടിവിയിൽ പതി ഞ്ഞിട്ടുണ്ട്.

RNUTVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄❄❄
❄❄❄❄❄